(1)	(2)	(3)	(4)
2010-11			
7	മഠത്തുവിളാകം കൊടിവിളാകം-വലിയവിള റോഡ്	9.50	പൂർത്തീകരിച്ചു
8	വട്ടവിള പൂവാർ ബണ്ട് റോഡ്	32.80	നിർമ്മാണം പുരോഗതിയിലാണ്.
9	അരുമാനൂർ അരശുംമൂട് ചടയംവരമ്പ് ബണ്ട് റോഡ്	10.20	നിർമ്മാണം പുരോഗതിയിലാണ്.

മറൈൻ ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ഓഷ്യനേറിയവും

212 (1682) ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. എം. എം. മോനായി :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. എം. ജെ. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിൽ മറൈൻ ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ഓഷ്യനേറിയവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ് ;

(ബി) പദ്ധതി നടപ്പിലാക്കുന്നതിൽ എത്ര കോടി രൂപ ചെലവ് വരുമെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(ഡി) പദ്ധതിക്കായി കേന്ദ്ര സർക്കാർ എത്ര കോടി രൂപ അനുവദിക്കും എന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഇ) പദ്ധതി നടപ്പാക്കുന്നതുമൂലം ഉണ്ടാകുന്ന നേട്ടങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊച്ചിയിൽ ഒരു മറൈൻ ബയോളജിക്കൽ റിസർച്ച് സ്റ്റേഷൻ, ഓഷ്യനേറിയം അനുബന്ധനസ്ഥാപനങ്ങൾ എന്നിവയുടെ നിർമ്മാണത്തിന്റെ ഭാഗമായിട്ടുള്ള ലാന്റ് റിക്ലമേഷൻ പണികൾ പൂർത്തിയായി. ഡിവലപ്പർമാരെ ക്ഷണിക്കുന്നതിനുള്ള ആഗോള ടെണ്ടർ നടപടികൾ ആരംഭിച്ചു. 3 ഘട്ടങ്ങളായി പൂർത്തീകരിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുവാനുള്ള അനുമതി നൽകിയിട്ടുണ്ട്.

(ബി) ഏകദേശം 480 കോടിരൂപ.

(സി) കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി പദ്ധതി സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റിസർച്ചിനായി 130 കോടി രൂപ.

(ഇ) അന്താരാഷ്ട്ര നിലവാരമുള്ള മികവിന്റെ കേന്ദ്രങ്ങളായി ഈ സ്ഥാപനങ്ങളെ മാറ്റാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഓഷ്യനേറിയത്തിൽ മറൈൻ ബയോളജിക്കൽ റിസർച്ച് സ്റ്റേഷൻ, ഓഷ്യനേറിയം, മ്യൂസിയം, ഗവേഷണത്തിനും തുടങ്ങിയവ ലഭ്യമായിരിക്കും, ഓഷ്യനേറിയത്തിലേക്ക് ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ആംഫി തിയേറ്റർ, കൺവെൻഷൻ സെന്റർ എന്നിങ്ങനെയുള്ള ഘടകങ്ങൾ ഉണ്ട്. ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി ആഗോള ടെണ്ടറുകൾ ക്ഷണിച്ചിട്ടുണ്ട്.

ഫെയർവാല്യൂ സിസ്റ്റം

213 (1683) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഫെയർവാല്യൂ സിസ്റ്റം എന്നാണ് നിലവിൽ വന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) കുടുംബസ്വത്ത് ഭാഗം വയ്ക്കുമ്പോഴും മക്കൾക്ക് വീട് നിർമ്മിക്കാൻ ഭൂമി ദാനമായി നൽകുമ്പോഴും നിലവിലുള്ള സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 6-3-2010-ലെ കേരള ഗസ്റ്റ് (അസാധാരണം) 515 നമ്പരായാണ് അന്തിമ ഫെയർവാല്യൂ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളത്. കേരള ഫിനാൻസ് ബിൽ, 2010 പ്രകാരം കേരള മുദ്രപ്പത്ര നിയമത്തിൽ വരുത്തിയ ഭേദഗതി അനുസരിച്ച്, 1-4-2010 തീയ്യതി മുതലാണ് സംസ്ഥാനത്ത് ന്യായവില നടപ്പിലാക്കിയിട്ടുള്ളത്.

(ബി) കുടുംബാംഗങ്ങൾ തമ്മിൽ സ്വത്ത് ഭാഗംവയ്ക്കുമ്പോൾ കേരള മുദ്രപ്പത്ര നിയമം പട്ടിക ആർട്ടിക്കിൾ 42 (i) പ്രകാരം മുതലിന്റെ വേർതിരിക്കപ്പെട്ട ഓഹരിയുടേയോ, ഓഹരികളുടേയോ വിലയോ അല്ലെങ്കിൽ ന്യായ വിലയോ ഏതാണോ കൂടുതൽ ആ സംഖ്യയുടെ 1% നിരക്കിൽ മുദ്രവിലയും, രജിസ്ട്രേഷൻ ഫീസ് പട്ടിക ആർട്ടിക്കിൾ 1 (a)ലെ (viii) നോട്ട് അനുസരിച്ച് 1% നിരക്കിൽ രജിസ്ട്രേഷൻ ഫീസും ആവശ്യമാണ്. മക്കളുടെ പേരിൽ ഭൂമി ദാനമായി നൽകുന്നതിന് ടി നിയമം പട്ടിക ആർട്ടിക്കിൾ 31 (i) അനുസരിച്ച് ആ കരണത്തിൽ പറയുന്ന വിലയോ അല്ലെങ്കിൽ ന്യായവിലയോ ഏതാണോ കൂടുതൽ ആ തുകയ്ക്ക് 2% നിരക്കിൽ മുദ്രവിലയും രജിസ്ട്രേഷൻ ഫീസ് പട്ടിക ആർട്ടിക്കിൾ 1 (a) (1) അനുസരിച്ച് 2% നിരക്കിൽ രജിസ്ട്രേഷൻ ഫീസും ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly